• സംഭാഷണം

# ജീവന്റെ വഴിയിൽനിന്ന് നാശത്തിന്റെ വഴിയിലേക്ക്

എസ്. ഉഷ

തയ്യാറാക്കിയത് : സീന

**പരിസ്ഥിതി പ്രവർത്തകയും സേവ് റൈസ്, ആന്റി ജിഎം ക്യാമ്പയിനുകളുടേയും മുഖ്യപ്രവർത്തകയും തണലിന്റെ ഡയറക്ടറും കൃഷി ഓഫീസർ ജോലി ചെറുപ്പത്തിലേ രാജിവച്ച് മുഴുവൻ സമയവും പരിസ്ഥിതി സംരക്ഷണപ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്ന എസ്. ഉഷ ജനിതക വിത്തുകളുടെ പ്രത്യാഘാതങ്ങളെക്കുറിച്ചും അതിനെതിരെയുള്ള പ്രവർത്തനങ്ങളെക്കുറിച്ചും കേരളീയത്തിനോട് സംസാരിക്കുന്നു. കഴിഞ്ഞ 20 വർഷത്തോളമായി കൃഷി, പരിസ്ഥിതി, പരിരക്ഷണ വിദ്യാഭ്യാസ പ്രവർത്തനങ്ങളിലേർപ്പെട്ടുകൊണ്ടിരിക്കുന്ന സംഘടനയാണ് തിരുവനന്തപുരം കേന്ദ്രമായി പ്രവർത്തിക്കുന്ന തണൽ.**

ഭക്ഷണത്തിനുവേണ്ടിയും രാസവളകീടനാശിനിവിമുക്തവുമായ ആരോഗ്യകരവും സുസ്ഥിരവുമായ കൃഷിക്കിവേണ്ടിയും കൃഷിക്കാരുടേയും പരിസ്ഥിതി-സാമൂഹ്യ-പ്രവർത്തകരുടേയും മുൻകൈ 1990കളിൽ തന്നെ ശക്തമായിരുന്നു. കീടനാശിനിയിലൂടെ വിത്തുകളിലൂടെ കൃഷിയേയും അതുവഴി ഭക്ഷണത്തേയും തങ്ങളുടെ വരുതിയിലാക്കാൻ അഗ്രി-ബിസിനസ്സ് കോർപ്പറേറ്റുകൾ ശ്രമം തുടങ്ങിയിട്ട് കാലമേറെയായി. അങ്ങനെ കൃഷിക്കാരന് സ്വാശ്രയത്വമുള്ള പൂർണനിയന്ത്രണം ഉണ്ടായിരുന്ന രീതി മാറി ബഹുരാഷ്ട്രകുത്തകകളിലേക്ക് പരമാധികാരം തട്ടിയെടുക്കപ്പെടുന്ന അവസ്ഥയാണ് കാർഷികരംഗത്ത് ഇപ്പോഴുള്ളത്. ഇത് അമേരിക്കൻ മോഡൽ കാർഷിക വിദ്യാഭ്യാസ ക്രമത്തിലൂടേയും സർവ്വകലാശാല, ശാസ്ത്രജ്ഞർ, ഉദ്യോഗസ്ഥസംവിധാനത്തിലൂടേയും 1970കൾ മുതൽ കേരളത്തിലും നടന്നുവരികയാണ്. എന്തൊക്കെ പറഞ്ഞാലും ഇന്ത്യയിൽ ഇപ്പോഴും 60%ൽ അധികം കർഷകരാണ്. അതിൽ ഭൂരിഭാഗവും ചെറുകിട നാമമാത്രകർഷകരാണ്.

1990കളിൽ തടുങ്ങിയ ബയോടെക്നോളജി അന്വേഷണങ്ങൾ, ടിഷ്യുകൾച്ചറായും ക്ലോണിങ്ങായും മുന്നേറി. അതിന്റെ ഒരു അസ്വാഭാവിക തുടർച്ചയായി ജനറ്റിക് എഞ്ചിനീയറിംഗ് അപടകരമായി വളർന്നു. എല്ലാത്തിലും മോണോകൾച്ചർ (ഏകവിള) ആക്കിമാറ്റം എന്നതിലേക്കാണ് ഈ ദിശയിലുള്ള ഗവേഷണങ്ങളുടെ പൊതുരൂപം, വൈവിധ്യമാണ്, ബാഹ്യവിളകളാണ്, സുസ്ഥിര കൃഷിയിലേക്ക് നയിക്കുന്ന നമ്മുടെ നൂറ്റാണ്ടുകളായുള്ള കാർഷിക പാരമ്പര്യത്തിന്റെ സമ്പന്നതയും മേന്മയും. ജനിതകശേഖരം ഇടുങ്ങിയതാക്കാൻ ജനിതകമാറ്റം വരുത്തിയ വിത്തിലൂടേയും കൃഷിയിലൂടേയും അഗ്രി-ഭീമന്മാർ ശ്രമം തുടരുകയാണ്. ഇത് മോൺസാന്റോകളിലൂടേയും ഇന്ത്യയിൽ മഹിക്കോയിലൂടേയും വളർന്നുകഴിഞ്ഞു. ഇതിനൊക്കെ അനുമതി കൊടുക്കുന്ന കേന്ദ്രസർക്കാർ സംവിധാനത്തിൽ കൃഷിവകുപ്പിന് വലിയ ബന്ധമില്ല എന്നുള്ളതാണ് മറ്റൊരു വിരോധാഭാസം.

കർഷകരുടെ കൈകളിൽ വിത്തുകൾ യാതൊരു നിയന്ത്രണവുമില്ലാതെ കുത്തകകളുടെ കൈകളിലേയ്ക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുമ്പോൾ സംഭവിക്കുന്നത്

*(ശേഷം 15-ാം പേജിൽ)*

---

### ജെഫ്രി എം. സ്മിത്ത്

(സ്ഥാപക ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റെസ്പോൺസിബിൾ ടെക്നോളജി)

ജനിതകഭേദഗതി വരുത്തിയ ഭക്ഷ്യ വസ്തുക്കൾ അപകടകരമാണ്. ഇന്ത്യ, അമേരിക്ക, യൂറോപ്യൻ രാജ്യങ്ങൾ അടക്കമുള്ള ലോകരാജ്യങ്ങൾ ഒന്നും കാര്യങ്ങളെ ശരിയായി വിലയിരുത്തുന്നില്ല. ഭൂമിയിൽ ഇന്നേവരെ അവതരിപ്പിക്കപ്പെട്ടതിൽ ഏറ്റവും അപകടം പിടിച്ച സാങ്കേതം (Technology) ആണിത്. ഭക്ഷണക്രമത്തിൽ ഇത് ഉൾപ്പെടുത്തുന്നത് ഭ്രാന്താണ്. വേണ്ട എന്ന് പറയാനുള്ള നെഞ്ചുറപ്പ് നമുക്ക് ഉണ്ടാവണം.

### ദേവീന്ദർ ശർമ്മ

(പ്രശസ്ത ഭക്ഷ്യനയനിരൂപകൻ)

അപകടകരമായ അനാവശ്യമായ ടെക്നോളജിയുടെ കുപ്പത്തൊട്ടിയായി ഇന്ത്യ മാറുകയാണ്. പെരുകി വരുന്ന ജനതയെ തീറ്റിപോറ്റാൻ ജി.എം വിളകൾ ആവശ്യമാണത്രേ! പക്ഷേ ഒറ്റ ജി.എം വിളയും സാധാരണയിലും കൂടുതൽ വിള തരുന്നില്ല, പലപ്പോഴും കുറവാണ്താനും. എന്നിട്ടും 56 ഭക്ഷ്യവിളകൾ ഇന്ത്യയിൽ ജനിതകമാറ്റം വരുത്തിക്കൊണ്ടിരിക്കുന്നു. സ്വതന്ത്രശാസ്ത്രീയ പഠന റിപ്പോർട്ടുകളെ അവഗണിച്ചുകൊണ്ട് വഴുതനങ്ങക്ക് ഇന്ത്യാ സർക്കാർ അനുമതി നല്കാൻ പോകുന്നു! വേണ്ടത്ര കഴുകിയാൽ പച്ചക്കറിയിലെ വിഷാംശം പോകുമെന്ന് അവർ പറയുന്നു. പക്ഷേ ഉള്ളിലുള്ള വിഷം എങ്ങനെയാണ് കഴുകിയാൽ പോവുക?

### ഡോ. പുഷ്പ എം. ഭാർഗ്ഗവ

(ജനിറ്റിക് എൻജിനീയറിംഗ് അപ്രൂവൽ കമ്മിറ്റിയുടെ സുപ്രീംകോടതി നോമിനി)

ഇന്ത്യയിൽ, വ്യവസായികമായി കൃഷി ചെയ്ത ജി.എം പരുത്തി മനുഷ്യർക്കും മൃഗങ്ങൾക്കും അപകടകരമായി കണ്ടിട്ടുണ്ട്. നൂറുകണക്കിന് കൃഷിതൊഴിലാളികൾക്ക് ഇന്നേവരെ കണ്ടിട്ടില്ലാത്ത ത്വക്ക് രോഗങ്ങൾ വന്നു. കൃഷിയിടങ്ങളിൽ മേഞ്ഞ മൃഗങ്ങൾ ചത്തൊടുങ്ങി. 5 മുതൽ 7 കൊല്ലംവരെ ജി.എം വിത്ത് വിതരണം നിരോധിക്കണം. ഇക്കാലയളവിനുള്ളിൽ നിഷ്പക്ഷ നിരീക്ഷണങ്ങൾ നടത്തി സുരക്ഷ ഉറപ്പ് വരുത്തണം. വെല്ലുവിളിക്കപ്പെടുന്നത് നമ്മുടെ ആരോഗ്യം മാത്രമല്ല, നിലനില്പുകൂടിയാണ്.